SUNDAY 10/05/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT**

**GOVERNMENT OF KERALA**

Chief Editor: SINDHU. K S Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/05/2026

1. കർഷകരുടെ തോട്ടങ്ങളിലെ മണ്ണ് സാമ്പിൾ പരിശോധിച്ച് തയ്യാറാക്കുന്ന "മണ്ണാരോഗ്യ കാർഡുകൾ" കർഷകർക്ക് മണ്ണറിഞ്ഞ് കൃഷി ചെയ്യാൻ സഹായകമാണ്. കൃഷിഭവനുകളുമായി സഹകരിച്ച് മണ്ണ് പര്യവേക്ഷണ വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിലെയും, ബ്ലോക്കുകളിലെയും, മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ക്യാമ്പയിനുകൾ നടത്തുന്നു. കർഷകരുടെ കൃഷിയിടങ്ങളിൽ സോയിൽസർവേ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാതൃകാപരീക്ഷണ കൃഷിത്തോട്ടം (ഡെമോൺസ്ട്രേഷൻ പ്ലോട്ട്), എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിലൂടെ കർഷകരുടെ തനതായ കാർഷിക മുറകൾ, മണ്ണ് പരിപാലന രീതികൾ, എന്നിവയെ സോയിൽ സർവേയുടെ മണ്ണ് വിശകലനത്തിനനുസരിച്ചുള്ള മണ്ണാരോഗ്യ പരിപാലനവുമായി താരതമ്യം ചെയ്യാനും. കർഷകർക്ക് ശാസ്ത്രീയമായ രാസവള പ്രയോഗവും. ജൈവവളപ്രയോഗവും വഴി മികച്ച വരുമാനവും, നല്ല വിളവും ലഭിക്കുന്നതിനും കാരണമാകുന്നു. സർക്കാർ തലത്തിലുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവിധ പ്രദർശന മേളകളിൽ കർഷകർക്ക് മണ്ണറിവ് പ്രദർശനവും നടത്തുന്നു. തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് കേന്ദ്ര മണ്ണ് വിശകലന ലാബിനോട് ചേർന്ന് വകുപ്പിന്റെ നേതൃത്വത്തിൽ സോയിൽ സർവേ വിഭാഗത്തിന് ഒരു മികച്ച മണ്ണ് പ്രദർശന ശാല (Soil Museum)യുണ്ട്. **"മണ്ണിനെ അറിയാം മൊബൈയിലൂടെ" "(MAM)"** എന്ന **മൊബൈൽ ആപ്പ് വഴി നമ്മുടെ മണ്ണിന്റെ പോഷകനില വേഗത്തിൽ അറിയാനും സാധിക്കും.** ഇതു കൂടാതെ മണ്ണ് പര്യവേക്ഷണവകുപ്പിന് സഞ്ചരിക്കുന്ന ഒരു മണ്ണ് പരിശോധന ലാബോറട്ടറിയുമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0471 2541776.

## പരിശീലന പരിപാടി

2. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര "ഓട്ടോക്കാഡിലൂടെ ലാൻഡ്സ്കേപ്പ് ഡിസെയിനിങ്" എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ ഓൺലൈൻ പരിശീലനം നടത്തുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ–പഠന കേന്ദ്രമാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ഓട്ടോക്കാഡിന്റെ വിശദമായ ഉപയോഗം, ഓട്ടോക്കാഡിൽ വിവധ തരത്തിലുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പൂന്തോട്ടങ്ങളുടെ നിർമ്മാണം, അവയുടെ കൃത്യവും വ്യക്തവുമായുള്ള അവതരണം എന്നീ വിഷയങ്ങളിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. മെയ് മാസം 11 മുതൽ 15 വരെയാണ് പരിശീലനം. ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ ഓൺലൈനായി പങ്കെടുക്കാം. 1000 രൂപയാണ് പരിശീലന ഫീസ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് https://forms.gle/7kgKRkk3b3PvN17E7 എന്ന ലിങ്ക് ഉപയോഗിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങള്ക്ക് +91 8547837256 എന്ന നമ്പറിലും celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും ബന്ധപ്പെടാവുന്നതാണ്.

3. ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർകോമ്പൗണ്ടിങ്; മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമാണം; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ; മാർക്കറ്റിങ്, പ്ലാനിങ്, കൺട്രോൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം 2026 മെയ് 11

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുതൽ 15 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ._ഐ.ആർ.റ്റി.) വെച്ച് നടക്കും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9497487209, 04812353127 എന്നീ ഫോൺനമ്പരുകളിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് **2026 മെയ് 14** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കില് ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. മെയ് 24 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **മെയ് 14** മുതൽ യൂസർ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺനമ്പർ 0487–2438566.

5. **കാർഷിക നിർദേശം**

തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ മുതലായവ കൃഷി ചെയ്യാം. ചെന്നിരൊലിപ്പ് മാരകമാകാൻ സാധ്യതയുണ്ട്. കറ ഒലിക്കുന്ന ഭാഗം വൃത്തിയാക്കി ഉരുകിയ ടാറോ, ബോർഡോ കുഴമ്പോ തേക്കുക. ചെറുതെങ്ങുകൾക്ക് വെയിലിൽ നിന്ന് സംരക്ഷണം നൽകണം. തെങ്ങിൻ തോപ്പുകളിൽ ജലസേചനം തുടരേണ്ടതും ചെറുതെങ്ങുകൾക്ക് തണൽ നൽകുകയും ചെയ്യേണ്ടതാണ്. നനയ്ക്കാൻ കഴിയാത്ത തെങ്ങുകളുടെ ചുവട്ടിൽ പുതയിടുകയോ തൊണ്ട് കമഴ്ത്തി അടുക്കുകയോ ചെയ്യുന്നത് നല്ലതാണ്. ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി, മുതലായവക്കെതിരെ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്.